# ഉടൽ സംസാരിക്കട്ടെ

## സൽമ

### ഇംഗ്ലീഷ് വഴി വിവർത്തനം: സച്ചിദാനന്ദൻ

എന്റെ ഉടലിനെ വിശ്വസിക്കൂ,
അതു നിങ്ങളോടു സംസാരിക്കട്ടെ.
അത് എന്റെ നേരുകൾ നിങ്ങളുടെ കാതിൽ മൊഴിയട്ടെ,
ഉറക്കെ, തെളിമയോടെ,  മറയേതുമില്ലാതെ.

അത് സംസാരിക്കട്ടെ,  അതിന്റെ സാന്നിധ്യം പ്രഖ്യാപിക്കട്ടെ
തന്റെ നീണ്ട വീട്ടു തടങ്കലിൽ
വേദനിച്ചു വേദനിച്ചു മുലകൾ മുളച്ചപ്പോൾ
അത് നടത്തിയ യുദ്ധങ്ങളെപ്പറ്റി അതു സംസാരിക്കട്ടെ

തന്റെ ആദ്യരക്തതിന്റെ ചെമ്പട്ട്
ഒരു കമോഡിന്റെ വെളുത്ത ചെരിവിനെ പുതപ്പിച്ചപ്പോൾ
ഒരു പരുക്കൻ പഴന്തുണി വലിച്ചെടുത്ത
വേദനകളെക്കുറിച്ച്  അത് അസ്വസ്ഥമായി സംസാരിക്കട്ടെ

യുഗങ്ങളായി താൻ നിലനിർത്താൻ പാടു പെട്ട
നടയേയും നാട്യങ്ങളെയും കുറിച്ച് അതു പാടട്ടെ.
തന്റെ കാമത്തിന്റെയും പ്രേമത്തിന്റെയും ആദിമമായ
ഉറവകളെക്കുറിച്ച്,  താൻ കുഴിച്ചു മൂടിയ
പ്രതിജ്ഞകളെക്കുറിച്ച്, അതു സംസാരിക്കട്ടെ.

ഒരപരിചിതന്റെ കിടയ്ക്കയിൽ അവനു
വഴങ്ങുന്നതിന്റെ പീഡനത്തെക്കുറിച്ചു്,
താൻ അന്നോളം അറിയാത്ത ഒരാളുടെ കാമത്തെ

തൃപ്തിപ്പെടുത്തേണ്ടി വന്നതിനെക്കുറിച്ചു അതു സംസാരിക്കട്ടെ.

കുഞ്ഞുങ്ങൾക്ക് പിറവി നല്കുന്നതിനെയും
കുഞ്ഞുങ്ങളെ നഷ്ടമാകുന്നതിനെയും കുറിച്ച്,
ദുർഗന്ധം പേറുന്ന  തന്റെ സ്രവങ്ങളെക്കുറിച്ച്,
ആർത്തവവിരാമത്തിലൂടെ കടന്നു പോകുമ്പോഴുള്ള
കഠിനമായ  മുട്ടുവേദനയെക്കുറിച്ച് ,
ഒരു വെളിപാടിലെന്ന പോലെ  അതു വിളിച്ചു പറയട്ടെ.

വിഡ്ഢികളേ , അറിയൂ, ഇത് നിങ്ങൾ
ബലാത്കാരം ചെയ്യുന്ന  ഉടലല്ല, മാരകമായ
ഒരായുധമാണെന്ന്. ഇതിലുണ്ട്
ജീവത്തായ പ്രകൃതി, അതിന്റെ തീരാത്ത പകകൾ

ഉടൽ സംസാരിക്കുന്നു.